# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 20 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

# സന്നിധാനത്തിന്റെ സുരക്ഷയ്ക്ക് അത്യന്താധുനിക സംവിധാനങ്ങൾ

അതീവ സുരക്ഷാ മേഖലയായ ശബരിമലയുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ അത്യന്താധുനിക യന്ത്ര സാമഗ്രികളും പരിശീലനം നേടിയ സേനാംഗങ്ങളുമായി നിതാന്ത ജാഗ്രതയിലാണ് സന്നിധാനത്തെ ബോംബ് സ്ക്വാഡ്. അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്ത മൂന്നരക്കോടി രൂപയുടെ സുരക്ഷാ ഉപകരണങ്ങളാണ് സംസ്ഥാന പോലീസ് വകുപ്പ് ശബരിമലയിൽ ഉപയോഗിക്കുന്നത്.

നിലയ്ക്കൽ, പമ്പ, സന്നിധാനം തുടങ്ങി തീർത്ഥാടന പാതയിലെങ്ങും അതീവ ജാഗരൂകരായി പോലീസിന്റെ സുരക്ഷാ ഭട•ാരുണ്ട്. പ്ലാപ്പള്ളിയിലും നിലയ്ക്കലിലും ട്രോളി മിറർ പോലുള്ള സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചാണ് വാഹന പരിശോധന. പമ്പാ ഗണപതി ക്ഷേത്രത്തിന്റെ പടി കയറാൻ തുടങ്ങുന്നിടത്തു തന്നെ ഭക്തജനങ്ങളെ സുരക്ഷാ പരിശോധനയ്ക്ക് വിധേയരാക്കും. ബോഡി ചെക്കിംഗ്, ഗാർഡ് റൂം, ബാഗേജ് സ്കാനർ എന്നീ പരിശോധനകൾക്ക് ശേഷമേ ഭക്തർക്ക് കടന്നു

പോകാനാവൂ. നീലിമലയിലും മരക്കൂട്ടത്തും വീണ്ടും പരിശോധനയുണ്ടാവും. നടപ്പന്തലിലെത്തിയാൽ അവിടെയും ബാഗേജ്, ബോഡി ചെക്കിംഗ് ഉണ്ട്. പുല്ലുമേട് വഴിവരുന്നവർക്ക് പാണ്ടിത്താവളത്തും വാവരുടെ നടയിലും പരിശോധനാ വിധേയരാവേണ്ടതുണ്ട്.

ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ, മൈൻ സ്വീപ്പർ, എക്സ്പ്ലോസീവ് ഡിറ്റക്ടർ, പോർട്ടബിൾ എക്സ് റേ മെഷീൻ, തെർമൽ ഇമേജിംഗ് ക്യാമറ, എക്സ് റേ ബാഗേജ് സ്കാനർ, നോൺ ലീനിയർ ജംഗ്ഷൻ ഡിറ്റക്ടർ, ബോംബ് സ്യൂട്ട്, എക്സ്റ്റൻഷൻ മിറർ, റിയൽ ടൈം വ്യൂയിംഗ് സിസ്റ്റം, ഒരു കിലോ മീറ്ററോളം വെളിച്ചം പ്രസരിപ്പിക്കുന്ന കമാൻഡോ ടോർച്ചുകൾ തുടങ്ങി അത്യന്താധുനിക സംവിധാനങ്ങളാണ് പോലീസ് വകുപ്പ് ശബരിമലയുടെ സുരക്ഷിതത്വത്തിന് മാത്രമായി ഉപയോഗിക്കുന്നത്.

എട്ടു മുതൽ പത്തുലക്ഷം രൂപ വരെയാണ് മൈൻ സ്വീപ്പറിന്റെ വില. എവിടെയെങ്കിലും സ്ഫോടനം നടന്നാൽ ഏത് സ്ഫോടക വസ്തുവാണെന്ന് കണ്ടെത്തുന്നതിനുള്ള ഉപകരണമാണ് എക്സ്പ്ലോസീവ് ഡിറ്റക്ടർ. എവിടെയെങ്കിലും സ്ഫോടക വസ്തുവിന്റെ സാന്നിധ്യം അറിഞ്ഞാൽ അതിനെ സ്കാൻ ചെയ്ത് ഫ്യൂസ് കണ്ടെത്തി നിർവീര്യമാക്കുന്ന ഉപകരണമാണ് പോർട്ടബ്ൾ എക്സ് റേ മെഷീൻ. ദൂരെയിരുന്ന് വയർ കട്ട് ചെയ്യാവുന്ന റിമോട്ട് വയർ കട്ടറുമുണ്ട്.

രാത്രിയായാലും പകലായാലും മറഞ്ഞു നിൽക്കുന്ന അക്രമിയുടെ താപം സ്വാംശീകരിച്ച് ചിത്രമെടുക്കുന്ന ക്യാമറയാണ് തെർമൽ ഇമേജിംഗ് ക്യാമറ. വൈദ്യുതി വിതരണ സംവിധാനത്തിലൂടെ ആസൂത്രണം ചെയ്യപ്പെട്ടേക്കാവുന്ന സ്ഫോടനങ്ങൾ മുൻകൂട്ടി കണ്ടു പിടിക്കുന്നതിനാണ് നോൺ ലീനിയർ ജംഗ്ഷൻ ഡിറ്റക്ടർ ഉപയോഗിക്കുന്നത്. സെമി കണ്ടക്ടറുകളുടെ സാന്നിധ്യം കണ്ടുപിടിക്കാനും ഇതുപയോഗിക്കാം.

ബോംബ് സ്യൂട്ടിന് 110 കിലോഗ്രാം ഭാരം വരും. ഹെൽമറ്റ്, കമ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവ ഇതിനൊപ്പമുണ്ടാകും. ബോംബ് നീക്കം ചെയ്യേണ്ടി വരുമ്പോൾ ബോംബിനടുത്ത് പോകുന്നയാൾ ധരിക്കുന്നതാണിത്.

ഈ ഉപകരണങ്ങളുമായി ശബരിമലയുടെ മുക്കിലും മൂലയിലും സേനാംഗങ്ങൾ 24 മണിക്കൂറും റാൻഡം പട്രോളിംഗ് നടത്തുന്നുണ്ട്.

എക്സ്പ്ലോസീവ് രംഗത്ത് പ്രത്യേക പരിശീലനം നേടിയ പോലീസ് സേനാംഗങ്ങളാണ് ശബരിമലയിൽ ഡ്യൂട്ടിക്ക് നിയുക്തരായിട്ടുള്ളവരെല്ലാം. കേരളത്തിലും കേരളത്തിനു പുറത്തും പ്രത്യേക പരിശീലനം ലഭിച്ച വിദഗ്ദ്ധരാണിവർ.

പത്തനംതിട്ട എസ്.പിയുടെ കസ്റ്റഡിയിലാണ് ഈ ഉപകരണങ്ങൾ. സന്നിധാനം, നില്ക്കൽ, പമ്പ എന്നീ മൂന്ന് സ്റ്റോറുകളുടെ ചുമതല സബ് ഇൻസ്പെക്ടർ ഹരികുമാറിനാണ്. ഉപകരണങ്ങൾക്ക് കേടുപാടുകൾ

സംഭവിച്ചാൽ റിപ്പയർ ചെയ്യാൻ അറിവുള്ള ടെക്നിഷ്യൻമാരും സംഘത്തിലുണ്ട്. മണ്ഡല, മകരവിളക്ക് സീസൺ കഴിഞ്ഞാലും ഈ ഉപകരണങ്ങൾ ശബരിമലയുടെ സുരക്ഷയ്ക്കായി ഉപയോഗിക്കുമെന്ന് സബ് ഇൻസ്പെക്ടർ ഹരികുമാർ പറഞ്ഞു.

(പി.ആർ. ശബരി-198)



## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 20 | 2019 |
|---|---|



### ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

## ഭക്തർക്ക് കുറഞ്ഞ നിരക്കിൽ താമസ സൗകര്യം

അയ്യപ്പദർശനം തേടി ശബരിമലയിൽ എത്തുന്ന ഭക്തർക്ക് കുറഞ്ഞ നിരക്കിൽ തലചായ്ക്കാൻ ഇടമൊരുക്കി സന്നിധാനത്ത് പ്രവർത്തിക്കുന്നത് 12 താമസകേന്ദ്രങ്ങൾ.ശബരി ഗസ്റ്റ് ഹൗസ്, പ്രണവം,സഹ്യാദ്രി, കൈലാസ്, പാലാഴി, സോപാനം, ശ്രീമണികണ്ഠ, ചിൻമുദ്ര, ശിവശക്തി, തേജസ്വിനി, ശ്രീമാതാ, മരാമത്ത് ഓഫീസ് കോംപ്ലക്സ് എന്നിവിടങ്ങളിലാണ് തീർത്ഥാടകർക്ക് കുറഞ്ഞ നിരക്കിൽ വാടക നൽകി താമസിക്കാൻ സൗകര്യമുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലാണ് ഇവ പ്രവർത്തിക്കുന്നത്.

അയ്യപ്പഭക്തർക്ക് ഓൺലൈനായും ഓഫ്ലൈനായും ഇവിടെ മുറികൾ ബുക്ക് ചെയ്യാം. 250 രൂപ മുതൽ 1600 രൂപ വരെയാണ് മുറികൾക്ക് വാടകയായി ഈടാക്കുന്നത്. 12 മണിക്കൂർ നേരത്തേക്കാണ് മുറി അനുവദിക്കുന്നത്. വൈകീട്ട് 4 മുതൽ പിറ്റേന്ന് പുലർച്ചെ 4 മണി വരെയാണ് മുറി ലഭിക്കുക. ആവശ്യപ്പെടുന്ന പക്ഷം തുടർന്നും 4 മണിക്കൂർ നേരത്തേക്ക് കൂടി മുറി അനുവദിക്കും. ഇതിന് അധിക നിരക്ക് ഈടാക്കും. ചില കേന്ദ്രങ്ങളിൽ 50 പേർക്ക് വരെ താമസിക്കാവുന്ന തരത്തിലുള്ള ഹാളുകളുണ്ട്.

ഓൺലൈനായി മുറി ബുക്ക് ചെയ്തവർ രാത്രി 11.30 നകം സന്നിധാനത്തിന് സമീപമുള്ള അക്കമൈഡേഷൻ ഓഫീസിലെത്തി രസീതി കൈപ്പറ്റണം. അല്ലാത്തപക്ഷം ബുക്കിംഗ് ക്യാൻസൽ ചെയ്യപ്പെടും. ഇത്തരം കേസുകളിൽ മുറിയുടെ വാടകയും സെക്യൂരിറ്റി തുകയും തിരികെ ലഭിക്കില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റായി മുറി വാടകയ്ക്ക് തുല്യമായ തുകയാണ് നൽകേണ്ടത്. മുറി ബുക്ക് ചെയ്തവർ അക്കമൊഡേഷൻ ഓഫീസിൽ നിന്ന് ലഭിക്കുന്ന രസീതിയുമായി അതത് കേന്ദ്രങ്ങളിലെത്തി കെയർടേക്കറുടെ പക്കൽ നിന്നും മുറിയുടെ താക്കോൽ കൈപ്പറ്റണം.
മുറി ഒഴിയുന്ന സമയം രശീതിൽ എഴുതി വാങ്ങി അക്കമൈഡേഷൻ ഓഫീസിൽ തിരികെ ഏൽപിച്ച് സെക്യൂരിറ്റി തുക കൈപ്പറ്റാം. കമ്പ്യൂട്ടർ രസീതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന സമയമാണ് ചെക്ക് ഇൻ സമയമായി കണക്കാക്കുന്നത്. www.onlinetdb.com എന്ന വെബ്സൈറ്റ് വഴിയാണ് ഓൺലൈൻ ബുക്കിംഗ്. ഇത് കൂടാതെ ദേവസ്വം ബോർഡ് ഭക്തർക്ക് സൗജന്യമായി വിരിവെക്കാൻ വിപുലമായ സംവിധാനങ്ങളാണ് സന്നിധാനത്തും പരിസരത്തും ഒരുക്കിയത്. വലിയ നടപ്പന്തൽ, വാവർ നടയുടെ സമീപം, വടക്കേനട, മാളികപ്പുറം, പാണ്ടിത്താവളം തുടങ്ങിയ ഇടങ്ങളിലും ഭക്തർക്ക് തുറസ്സായി വിരിവെക്കാൻ സൗകര്യമുണ്ട്.

(പി.ആർ. ശബരി-199)

## സുരക്ഷിതമല്ലാത്ത വിരിവെക്കൽ കേന്ദ്രങ്ങൾ പൂട്ടും

ശബരിമല സന്നിധാന പരിസരത്തെ ചില വിരിവെക്കൽ കേന്ദ്രങ്ങളിൽ കണ്ടെത്തിയ അഗ്നിസുരക്ഷാ പാളിച്ചകൾ അടിയന്തരമായി പരിഹരിക്കാൻ ഡ്യൂട്ടി മജിസ്ട്രേറ്റ് സി. ബിജു ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. വെള്ളിയാഴ്ച്ച നടത്തിയ പരിശോധനയിലാണ് തീർത്ഥാടകർ വിരി വെക്കുന്ന ചില കേന്ദ്രങ്ങളിൽ സുരക്ഷാവീഴ്ച കണ്ടെത്തിയത്. സുരക്ഷ ശക്തിപ്പെടുത്താത്തപക്ഷം അത്തരം സ്ഥലങ്ങളിൽ തീർത്ഥാടകർക്ക് വിരി വെക്കാൻ അനുമതി നൽകില്ലെന്ന് അദ്ദേഹം പറഞ്ഞു. മണ്ഡലപൂജയോടനുബന്ധിച്ച് കൂടുതൽ ഭക്തർ എത്തിച്ചേരാൻ സാധ്യതയുള്ളതിനാൽ പഴുതടച്ച സുരക്ഷാക്രമീകരണങ്ങളാണ് അധികൃതർ സന്നിധാനത്തും പരിസരത്തും ഏർപ്പെടുത്തുന്നത്.

(പി.ആർ. ശബരി-200)

## അധിക സിലിണ്ടർ കൈവശംവച്ചാൽ നടപടി

അനുവദനീയമായ എണ്ണത്തിലും കൂടുതൽ പാചകവാതക സിലിണ്ടർ കൈവശം വെക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകിക്കുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് സി. ബിജു അറിയിച്ചു. സന്നിധാനത്തും പരിസരത്തും പ്രവർത്തിക്കുന്ന ഹോട്ടലുകൾ അടക്കമുള്ള വ്യാപാര കേന്ദ്രങ്ങളിൽ പരിശോധന നടത്താൻ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകി. അധിക

സിലിണ്ടർ കണ്ടെത്തുന്ന പക്ഷം പ്രോസിക്യൂഷൻ നടപടികൾക്കൊപ്പം കനത്ത പിഴയും ഈടാക്കും.

(പി.ആർ. ശബരി-201)

## അമിതവില: പിഴ ഈടാക്കി

ദർശനത്തിന് എത്തിയ തീർത്ഥാടകരുടെ പക്കൽ നിന്നും സാധനങ്ങൾക്ക് അമിതവിലയീടാക്കിയ രണ്ട് കച്ചവട സ്ഥാപനങ്ങൾക്ക് 5000 രൂപ വീതം പിഴ ഈടാക്കി. ഡ്യൂട്ടി മജിസ്ട്രേറ്റ് സി. ബിജുവിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് സന്നിധാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴയീടാക്കിയത്. സ്ഥാപനങ്ങളിൽ വില നിലവാര പട്ടിക പ്രദർശിപ്പിക്കണമെന്നും ഹോട്ടലടക്കമുള്ള സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശം നൽകി.

(പി.ആർ. ശബരി-202)

## മാലിന്യരഹിത പൂങ്കാവനം സേവന രംഗത്ത് വിശുദ്ധിസേനയും

അയ്യന്റെ പുണ്യ പൂങ്കാവനം മാലിന്യരഹിതമാക്കാൻ രാപകൽ പ്രയത്നിക്കുന്ന വിശുദ്ധിസേനയുടെ പ്രവർത്തനം ശ്രദ്ധേയമാകുന്നു. മണ്ഡലമാസത്തിന്റെ ആരംഭം മുതൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഇവർ ഉൽസവ സീസൺ കഴിയുന്നത് വരെ ശബരീശ സന്നിധിയും കാനനപാതകളും വൃത്തിയാക്കാൻ രംഗത്തുണ്ടാകും.

സേവനസന്നദ്ധതയോടെ എത്തിയ ആയിരത്തോളം പേരിൽ കൂടുതൽ പേരും തമിഴ്നാട്ടിൽ നിന്നുള്ളവരാണ്. പലർക്കും ഉന്നത വിദ്യാഭ്യാസ യോഗ്യതയാണുള്ളത്. 293 ശുചീകരണ തൊഴിലാളികളാണ് സന്നിധാനത്തെ വിശുദ്ധിസേനയിലുള്ളത്. എഴുന്നൂറോളം പേർ മറ്റിടങ്ങളിൽ പ്രവർത്തിക്കുന്നു. സന്നിധാനം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവർ പ്രധാനമായും ചരൽമേട്, അപ്പാച്ചിമേട്, മരക്കൂട്ടം, ശരംകുത്തി, നടപ്പന്തൽ, തിരുമുറ്റം, പാണ്ടിത്താവളം, ഭസ്മക്കുളം, ബേയ്‌ലി പാലം തുടങ്ങിയ സ്ഥലങ്ങളിലാണ് ശുചീകരണം നടത്തുന്നത്. തിരുമുറ്റം, പാണ്ടിത്താവളം, നടപ്പന്തൽ, ഭസ്മക്കുളം എന്നിവിടങ്ങളിൽ രാപകലാണ് ശുചീകരണം. 32 പേർ ലോഡിംഗ് പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു.

ഒമ്പത് വിഭാഗങ്ങളായി തിരിച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ ഗ്രൂപ്പിൽ നിന്നാണ് ലീഡറേയും തെരഞ്ഞെടുക്കുന്നത്. റവന്യൂ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ ശുചീകരണത്തിന് മേൽനോട്ടം വഹിക്കുന്നു. ഭക്തർ വലിച്ചെറിയുന്ന ജൈവ, അജൈവ മാലിന്യങ്ങൾ തരം തിരിച്ചാണ് ശേഖരിക്കുന്നത്. ജൈവമാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കുക

യും  പിന്നീട് സംസ്കരിക്കുകയും ചെയ്യും. അജൈവ മാലിന്യങ്ങൾ ഇൻസിനറേറ്റർ ഉപയോഗിച്ച് നശിപ്പിക്കുകയാണ് ചെയ്യുന്നത്.
നടവഴികളിലും മറ്റും വേയ്സ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഭക്തർ അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യങ്ങൾ ഇവരെ ഏറെ പ്രയാസപ്പെടുത്തുന്നുണ്ട്. 425 രൂപയാണ് വിശുദ്ധി സേനാംഗത്തിന്റെ ഒരു ദിവസത്തെ വേതനം. ഭക്ഷണവും താമസവും  സൗജന്യമായി ലഭിക്കും. സുരക്ഷിതമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സുരക്ഷാ സാമഗ്രികളും നൽകുന്നുണ്ട്. സാമ്പത്തിക നേട്ടത്തിലുപരി അയ്യനെ സേവിക്കാനുള്ള അവസരമായിട്ടാണ് ഇവർ ഇതിനെ കാണുന്നത്. അടൂർ ആർ.ഡി.ഒ ചെയർമാനായുള്ള ശബരിമല സാനിറ്റേഷൻ സൊസൈറ്റിയാണ് ശുചീകരണ തൊഴിലാളികളെ നിയമിക്കുന്നത്.

ജില്ലാ ഭരണകൂടത്തിന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ വെള്ളിയാഴ്ച്ച  ഇവർക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഡ്യൂട്ടി മജിസ്ട്രേറ്റ് സി.ബിജു, കൺസൾട്ടൻസി പ്രതിനിധി എം.ക്രിസ്റ്റഫർ, പത്തനംതിട്ട ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്റർ അജയ് തുടങ്ങിയവർ നേതൃത്വം നൽകി.

(പി.ആർ. ശബരി-203)

## ശബരിമല നാളത്തെ( 21.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന്      നിർമ്മാല്യ ദർശനം
3.10 ന്      അഭിഷേകം
3.20 ന്      നെയ്യഭിഷേകം
(3.20 മുതൽ 7 മണിവരെ
8 മണി മുതൽ 11.15 വരെയും)
3.30 ന്      ഗണപതിഹോമം
7.30 ന്      ഉഷപൂജ
11.50 ന്     കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന്      ഉച്ചപൂജ
തുടര്‍    1 മണിക്ക് നട അടയ്ക്കും.
4 മണിക്ക്  നട തുറക്കൽ
6.30ന്        ദീപാരാധന
7 മണിക്ക്    പുഷ്പാഭിഷേകം
9.30 ന്       അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി  11 മണിക്ക്  നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.